## വില്പന നികുതി വെട്ടിപ്പ് തടയാൻ നടപടി

24. [1804] ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്ത് കൊണ്ടുവന്ന് വിൽപ്പന നടത്തുന്ന ചരക്കുകൾക്ക് നികുതി നൽകാതെ വെട്ടിപ്പ് നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കേരള പൊതു വിൽപ്പന നികുതി നിയമത്തിൽ ഇത് തടയുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉണ്ട്. പ്രസ്തുത നിയമത്തിലെ 29-ാം വകുപ്പനുസരിച്ച് സംസ്ഥാനത്തിന്റെ അതിർത്തികളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന ചരക്കുകളുടെ നികുതി വെട്ടിപ്പ് കണ്ടുപിടിച്ച് പിഴ ഈടാക്കി വരുന്നുണ്ട്. ഈ വിവരങ്ങൾ ബന്ധപ്പെട്ട അസസ്മെന്റ് അധികാരികൾക്ക് നൽകി, കൂടുതൽ തുക അസസ് ചെയ്യിക്കുന്നുമുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വ്യാപാര സ്ഥാപനങ്ങൾ പരിശോധന നടത്തി കേസുകൾ പിടിക്കുന്നതിനും, ചരക്കുവാഹനങ്ങൾ പരിശോധന നടത്തിയും വെട്ടിപ്പുകൾ കണ്ടുപിടിക്കുന്നു. മറ്റു തരത്തിലുള്ള അന്വേഷണങ്ങൾ വഴിയും നികുതി വെട്ടിപ്പ് കണ്ടുപിടിച്ച് ശിക്ഷാനടപടികൾ സ്വീകരിച്ചു വരുന്നു. ഇവയ്ക്കായി ഒരു പ്രത്യേക ഇൻറലിജൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

റബ്ബർ, കാപ്പി, ഏലം, ഇഞ്ചി, ചുക്ക്, കുരുമുളക്, അടയ്ക്ക, കശുവണ്ടി, ഇരുമ്പ്, ഉരുക്ക് മുതലായ ചരക്കുകൾ അനധികൃതമായി സംസ്ഥാനത്തിനകത്തേക്കോ പുറത്തേക്കോ കൊണ്ടുവരുന്നപക്ഷം പ്രസ്തുത ചരക്കും കടത്തിനുപയോഗിക്കുന്ന വാഹനവും കണ്ടുകെട്ടുന്നതിന് 1994-ൽ വില്പന നികുതി നിയമത്തിൽ 30 (സി) എന്ന വകുപ്പ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം റബ്ബർ കള്ളക്കടത്ത് നടത്താൻ ഉപയോഗിച്ച വാഹനങ്ങൾ സംസ്ഥാനത്തിന്റെ പലഭാഗത്തായി കണ്ടുകെട്ടുകയുണ്ടായിട്ടുണ്ട്.

## 1995-96 വർഷത്തിൽ വില്പന നികുതിയിനത്തിൽ പിരിഞ്ഞുകിട്ടിയ തുക

25. [1805] ശ്രീ. ടി. കെ. രാമകൃഷ്ണൻ :
,, ടി. ശിവദാസമേനോൻ :
,, സി. കെ. സദാശിവൻ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96 വർഷത്തിൽ വില്പന നികുതിയിനത്തിൽ ഓരോ ജില്ലയിലും പിരിഞ്ഞുകിട്ടിയ തുകയും പിരിഞ്ഞുകിട്ടാനുള്ള തുകയും എത്രയെന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly